## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6723

04.04.2018 ൽ മറുപടിക്ക്

### എയ്ഡഡ് കോളേജുകളിലെ ഗസ്റ്റ് അധ്യാപകരുടെ വേതനവിതരണം

**ചോദ്യം**
**ശ്രീ.എൻ.ഷംസുദ്ദീൻ**

**മറുപടി**
**പ്രൊഫ. സി. രവീന്ദ്രനാഥ്**
**(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)**

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | സംസ്ഥാനത്തെ എയ്ഡഡ് കോളേജുകളിലെ ദിവസവേതനക്കാരായ ഗസ്റ്റ് അധ്യാപകർക്ക് ഒരു വർഷത്തോളമായി ശമ്പളം ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ),(ബി) &(സി) എയ്ഡഡ് കോളേജുകളിലെ താത്കാലിക ജീവനക്കാരുടെ വേതനം നൽകുന്നതിലേക്കായി 23.01.2018 ലെ **സ.ഉ.(സാധാ) നം.563/2018/ധന പ്രകാരം 2017-18** സാമ്പത്തിക വർഷത്തിൽ **"2202-03-104-99-02-5(NP)"** എന്ന പുതിയ ശീർഷകം സൃഷ്ടിച്ച് ആയതിൽ 14 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | ഇവർക്ക് വേതനം നൽകുന്ന ട്രഷറി ഹെഡ് ഓഫ് അക്കൗണ്ട് ഈ സാമ്പത്തികവർഷം മാറ്റിയതിനെ തുടർന്ന് ഗസ്റ്റ് അധ്യാപകരുടെ ശമ്പളം ട്രഷറി അധികൃതർ മടക്കുന്നതു മൂലമുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | |
| (സി) | എങ്കിൽ ഈ വിഷയത്തിലെ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച് ഇവർക്ക് അടിയന്തരമായി വേതനം നൽകുവാൻ നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ